പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 318 — 04.02.2013 ൽ മറുപടിക്ക്

## കേരളത്തിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന മനുഷ്യക്കടത്തും ഭീകര പ്രവർത്തനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | കേരളത്തിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന മനുഷ്യക്കടത്തിനെക്കുറിച്ച് കേന്ദ്ര ഏജൻസികളായ എൻ.ഐ.എ, സി.ബി.ഐ, റോ തുടങ്ങിയവയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഇന്റലിജൻസ് ബ്യൂറോ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, തുടർ നടപടികൾ എന്തായി എന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഭീകര പ്രവർത്തകരും കള്ളനോട്ട് കടത്തുകാരും കേരളത്തിലെ വിമാനത്താവളങ്ങൾ ഉപയോഗപ്പെടുത്തുന്നത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു; | (ബി) | ഭീകരപ്രവർത്തകർ കേരളത്തിലെ വിമാനത്താവളങ്ങൾ ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിമാനത്താവളങ്ങൾ വഴി കൊണ്ടുവന്നതും, വിമാനത്താവളങ്ങൾ വഴി കൊണ്ടുവന്നതിനുശേഷം മറ്റുപലയിടങ്ങളിൽ വച്ച് പിടിക്കപ്പെട്ട കള്ളനോട്ടുമായി ബന്ധപ്പെട്ട 7 കേസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | ഭാവിയിൽ ഇതു തടയാൻ, എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും 72,50,000 രൂപയുടെ കള്ളനോട്ടുകൾ പിടിച്ചെടുക്കുകയും.(Cr. No 103/2009) കേസ് എൻ.ഐ.എ ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
2. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും 24,16,000 രൂപയുടെ കള്ളനോട്ടുകൾ പിടിച്ചെടുക്കുകയും. (Cr. No. 655/2010) കേസ് എൻ.ഐ.എ ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
3. 1,84,000 രൂപ കള്ളനോട്ട് കടത്തിയതുമായി ബന്ധപ്പെട്ട് ചന്ദേരി പോലീസ് സ്റ്റേഷൻ ക്രൈം നം: 597/12 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്വേഷണം നടന്നുവരുന്നു.
4. 52,000 രൂപ കള്ളനോട്ട് കടത്തിയതുമായി ബന്ധപ്പെട്ട് ചന്ദേരി പോലീസ് സ്റ്റേഷൻ ക്രൈം നം: 599/12 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്വേഷണം നടന്നുവരുന്നു.
5. 2,29,000 രൂപ കള്ളനോട്ട് കടത്തിയതുമായി ബന്ധപ്പെട്ട് ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ ക്രൈം നം: 777/12 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.
6. 1,01,000 രൂപ കള്ളനോട്ട് കടത്തിയതുമായി ബന്ധപ്പെട്ട് ചന്ദേര പോലീസ് സ്റ്റേഷൻ ക്രൈം നം: 600/12 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.
7. 9,75,000 രൂപ കള്ളനോട്ട് കടത്തിയതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം: 122/13 ആയി രജിസ്റ്റർ ചെയ്ത് ലോക്കൽ പോലീസ് അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ